പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1194.

13.06.2013 ൽ മറുപടിക്ക്

## എ.പി.എൽ. കാർഡുടമകൾക്കുള്ള ഭക്ഷ്യധാന്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള : | | ശ്രീ. അനുപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പ് എ.പി.എൽ റേഷൻ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി നൽകണമെന്ന് പ്രഖ്യാപിക്കാറുണ്ടെങ്കിലും റേഷൻ കടയിൽ 6 മുതൽ 8 കിലോഗ്രാം വരെ മാത്രമേ ലഭിക്കാറുള്ളു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേന്ദ്രസർക്കാരിൽ നിന്നുള്ള അഡ്ഹോക് വിഹിതം ലഭിക്കാൻ വൈകിയതുകാരണം എ.പി.എൽ. വിഭാഗത്തിന് 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ 6 കിലോഗ്രാം അരി മാത്രമേ അനുവദിച്ചിരുന്നുള്ളു. എന്നാൽ പ്രതിമാസം 15458 മെ.ടൺ അരി അഡ്ഹോക് വിഹിതമായി ലഭ്യമായതിനെ തുടർന്ന് 2013 ജൂൺ മുതൽ വിതരണ ത്തോത് 9 കിലോഗ്രാമായി വർദ്ധിപ്പിക്കുക യുണ്ടായി. |
| (ബി) ഓരോ മാസത്തിലും കാർഡുടമകൾക്ക് നൽകേണ്ട കൃത്യമായ അളവ് ഭക്ഷ്യധാന്യം കാർഡുടമകൾക്ക് ലഭിക്കാതെ വരുന്നതിന്റെ കാരണം പരിശോധിക്കുമോ; | (ബി) | 2013 മാർച്ച് വരെ സബ്സിഡി വിഭാഗത്തിൽപ്പെട്ട എ.പി.എൽ. കാർഡുടമകൾക്ക് 9 കിലോഗ്രാം അരിയും സബ്സിഡിയില്ലാത്ത വിഭാഗത്തിന് 10 കിലോഗ്രാം അരിയുമായിരുന്നു വിതരണത്തോതായി നിശ്ചയിച്ചിരുന്നത്. നീക്കിയിരിപ്പുസ്റ്റോക് കൂടി കണക്കിലെടുത്താണ് വിതരണത്തോത് 9കിലോ/10 കിലോ അയി നിശ്ചയിച്ചത്. |
| (സി) ഓരോ എ.പി.എൽ കാർഡുടമകൾക്കും 15 കിലോഗ്രാം അരി റേഷൻ ഷോപ്പ് വഴി നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ അലോട്ട്മെന്റ് പ്രകാരം എല്ലാ എ.പി.എൽ. കാർഡുടമകൾക്കും 15 കിലോഗ്രാം അരി വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. അലോട്ട്മെന്റ് വർദ്ധിപ്പിച്ചു കിട്ടുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കൂടുതൽ വിഹിതം അനുവദിക്കുന്ന മുറയ്ക്ക് വിതരണത്തോത് വർദ്ധിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കരിഞ്ചന്തയും പുഴ്ത്തിവെപ്പും നടത്തി, ജനങ്ങളുടെ റേഷൻ വിഹിതം തടയുന്ന ഉദ്യോഗസ്ഥ-റേഷൻഷോപ്പ് ഉടമ ലോബികൾക്കെതിരെ കർശന നടപടിയെടുക്കുമോ? | (ഡി) | കരിഞ്ചന്തയും പുഴ്ത്തിവെയ്പും നടത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

9